**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5157** **21-07-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്കും കാർഷികമേഖലയ്ക്കും കൂടുതൽ ഗുണകരമാകുന്നവിധം കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; ; | (എ) | ണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ച് വരുന്നത്. ഇടനിലക്കാരെ ഒഴിവാക്കി കൊണ്ട് പൂർണമായും ഒരു സോഫ്റ്റ് വെയർ സൊല്യൂഷനിലൂടെയാണ് കർഷക രജിസ്ട്രേഷനും ആനുകൂല്യ വിതരണവും ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സുതാര്യവും കാര്യക്ഷമവും പൂർണമായും കർഷക സൗഹൃദവുമായ ഒരു രീതിയിലാണുള്ളത്. ഓൺലൈനിലൂടെ കർഷക രജിസ്ട്രേഷൻ നടന്നു വരുന്നു. തൃശ്ശൂർ ആസ്ഥാനമായി<br><br>ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കർഷകർക്കുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുന്നതിന് ബോർഡ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. www.kfwfb.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. www.kfwfb.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പോർട്ടലിലൂടെ കർഷകർക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കർഷകർക്ക് ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം ഓൺലൈൻ പോർട്ടലിൽ ലഭ്യമാണ്. അപേക്ഷകന് അപേക്ഷയുടെ തൽസ്ഥിതി ബോർഡ് ഓഫീസുകൾ സന്ദർശിക്കാതെ ഏതു ഘട്ടത്തിലും അറിയാവുന്നതാണ്. അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ ടെക്സ്റ്റ് മെസ്സേജ് രൂപത്തിൽ |

| | | | |
|---|---|---|---|
| | | | കർഷകരുടെ ഫോണിലേക്ക് നൽകി വരുന്നു. രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ഇ-പാസ്സ് ബുക്ക് എന്നിവയുടെ പ്രിന്റ്ഔട്ട് എടുക്കുന്നതിനുമുള്ള സൗകര്യമുണ്ട് |

സെക്ഷൻ ഓഫീസർ